(ഡി-എഫ്) ഉണ്ട്. ഇതിനായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ പത്ത് ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പറമ്പിക്കുളം - മുല്ലപ്പെരിയാർ നദികളുടെ കരാർ

1 (3189) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-മുല്ലപ്പെരിയാർ നദികളുടെ കരാറുകളെ സംബന്ധിച്ച് 1994-ലെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) കരാറിന് വിരുദ്ധമായി നദീജലം കവർച്ച ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(സി) നദീജലം അപഹരിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്നും ആ നഷ്ടം തമിഴ്നാട് സർക്കാരിൽ നിന്നും വസൂലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 1994-ലെ അഡ്ഹോക്ക് കമ്മിറ്റി പ്രധാനമായും പറമ്പിക്കുളം -അലിയാർ പദ്ധതി കരാറിനെക്കുറിച്ചുള്ള ആറ് ലംഘനങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഈ ലംഘനങ്ങൾ അന്നത്തെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയിൽ കരാർ ലംഘനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്നാണ് അറിയിച്ചത്. അഡ്ഹോക്ക് കമ്മിറ്റി ചൂണ്ടിക്കാണിച്ച മിക്ക കാര്യങ്ങളും കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ചാകയാൽ പുനഃരവലോകനവേളയിൽ പരിഗണിക്കേണ്ടവയാണ്.

(ബി & സി) കരാറിന് വിരുദ്ധമായി നദീജലം കവർച്ച ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വരട്ടാർ പുനർജീവിപ്പിക്കുന്നതിന് പ്രവർത്തനം

2 (3190) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ നദിയുടെ കൈവഴിയായി കോയിപ്രം പഞ്ചായത്തിൽ നിന്നും ഉത്ഭവിച്ച് ഇരവിപേരൂർ, കുറ്റൂർ, തിരുവൻ വണ്ടൂർ എന്നീ പഞ്ചായത്തുകളിലൂടെ ഒഴുകിയിരുന്ന വരട്ടാർ പുനർജീവിപ്പിക്കുന്നതിന് പ്രകൃതി സ്നേഹികളായ നാട്ടുകാർ നടത്തുന്ന പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരട്ടാർ പുനർജീവിപ്പിക്കുന്നതിന് തിരുവല്ല ആർ.ഡി.ഒ. തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് സർക്കാർ എന്തു സഹായമാണ് നൽകാനുദ്ദേശിക്കുന്നത്.

(സി) വരട്ടാർ പുനർജ്ജീവനം സംബന്ധിച്ച് റവന്യൂ സെക്രട്ടറിയുടെ പഠന റിപ്പോർട്ടു സർക്കാറിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്, പരിശോധിച്ചുവരുന്നു.

(സി) ലഭിച്ചിട്ടില്ല.

പ്രതിശീർഷ പദ്ധതി ചെലവ്

3 (3191) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവുമുള്ള പ്രതിശീർഷ പദ്ധതി ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവുമുള്ള പ്രതിശീർഷ പദ്ധതി ചെലവ് (1997-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ) താഴെകൊടുക്കുന്നു.

വർഷം	പ്രതിശീർഷ പദ്ധതി ചെലവ് (രൂപ)
1996 - 97	692
1997 - 98	910
1998 - 99	1005
1999 - 2000†	1032
2000 - 2001†	1122

പേഴ്സണൽ സ്റ്റാഫിൽ പുറമേ നിന്നും നിയമിച്ചവർക്കുള്ള പെൻഷൻ

4 (3192) ശ്രീ.ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് മുതലായവരുടെ പേഴ്സണൽ സ്റ്റാഫിൽ പുറമേനിന്നും നിയമിച്ച് പിരിയുന്നവർക്കുള്ള പെൻഷന് എത്ര വർഷത്തെ സേവന ദൈർഘ്യമാണ് ആവശ്യമുള്ളത് ;

---

†പ്രതീക്ഷിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly